# ആമുഖം

1957 ൽ നാലാഞ്ചിറ പ്രദേശത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിൽ സമൂലമായ പരിവർത്തനങ്ങൾക്ക് തുടക്കമിട്ട സെന്റ്ജോൺസ് മോഡൽ ഹയർസെക്കന്ററി സ്കൂൾ ജ്വലിക്കുന്ന വജ്രപ്രഭയോടെ തനിമയാർന്ന പ്രൗഡിയോടെ, തലയെടുപ്പോടെ അതിന്റെ ജൈത്രയാത്ര തുടരുന്നു.

തിരുവന്തപുരം ജില്ലയിലെ തിരുവനന്തപുരം നോർത്ത് വിദ്യാഭ്യാസ ഉപജില്ലയിൽ ഉള്ളൂർ ബ്ലോക്കിൽ തിരുവനന്തപുരം കോർപ്പറേഷനിൽ നാലാഞ്ചിറ വാർഡിൽ സ്ഥിതിചെയ്യുന്ന ഗവൺമെന്റ് എയ്ഡഡ് സ്കൂളാണ് സെന്റ് ജോൺസ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ. മാർ ഈവാനിയോസ് വിദ്യാനഗറിൽ മാർ ഈവാനിയോസ് കോളേജിന് സമീപമാണീ വിദ്യാലയം.

തിരുവന്തപുരം മേജർ അതിരൂപതയിലെ എം.എസ്.സി കോർപറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെട്ട ഈ വിദ്യാലയം 1957 ൽ അന്നത്തെ അതിരൂപതാ ആർച്ച് ബിഷപ്പായിരുന്ന ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയാണ് സ്ഥാപിച്ചത്. മാർ തെയോഫിലോസ് ടീച്ചേഴ്സ് ട്രെയിനിങ്ങ് കോളേജിന്റെ മോഡൽ സ്കൂളായിട്ടാണ് ഈ സ്കൂൾ സ്ഥാപിതമായത്. ഗവൺമെന്റ് കോളേജിൽ നിന്നും പ്രി ഡിഗ്രി വേർപെടുത്തിയപ്പോൾ 2000 ൽ ഇവിടെ ഹയർ സെക്കൻഡറി ബച്ച് അനുവദിക്കുകയുണ്ടായി.61 വർഷങ്ങൾ പഴക്കമുള്ള ഈ സ്ഥാപനം ഈ പ്രദേശത്തെ ആദ്യകാല പള്ളിക്കൂടങ്ങളിൽ ഒന്നാണ്. ഇതുവരെയുള്ള ഈ വിദ്യാലയത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഈ മേഖലകളിലെ വിദ്യാഭ്യാസപരവും സംസ്കാരികവും സാമ്പത്തികവും, സാമൂഹ്യവുമായ എല്ലാ പുരോഗതിയിലും ഈ സ്ഥാപനത്തിന് നിർണ്ണായകമായ പങ്കുള്ളതായി കാണാം.

നാലാഞ്ചിറ, മണ്ണന്തല,പാറോട്ടുകോണം,കല്ലയം,പട്ടം,ശ്രീകാര്യം തുടങ്ങി വിവിധഭാഗങ്ങളിൽ നിന്നുമുള്ള നിർധന കുടുംബങ്ങളിൽ പെട്ട 1500 വിദ്യാർത്ഥികൾ 8,9,10,11,12 ക്ലാസ്സുകളിലായി ഇവിടെ അധ്യയനം നടത്തുന്നു. നിരന്തരമായ കുട്ടികളുടെ വർദ്ധനവ് ഓരോ വർഷവും ആവർത്തിക്കുമ്പോഴും സന്തോഷകരമായ ആ സാഹചര്യം ഭൗതിക സൗകര്യങ്ങളുടെ അഭാവത്താൽ യഥാർത്ഥത്തിൽ ബുദ്ധിമുട്ടായിത്തീരുന്ന ദുരവസ്ഥയാണ്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് മാനേജ്മെന്റിന്റേയും പി.റ്റി.എ യുടെയും സംയുക്തമായ ഇടപെടൽ ഉണ്ടാകുന്നുണ്ടെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള സഹായം എത്തിച്ചേരാത്തത് ഈ സ്കൂളിന്റെ പുരോഗതിയ്ക്ക് എടുത്തു പറയേണ്ട തടസ്സം തന്നെയാണ്.

അക്കാദമിക മികവിനും നിലവാരത്തിനുമൊപ്പം പഠനാനുബന്ധ പ്രവർത്തനങ്ങളിലും ഈ വിദ്യാലയം ജില്ലയിലും ഉപജില്ലയിലും തിളക്കമാർന്ന വിജയം ആവർത്തിക്കുന്നു. ശാസ്ത്ര-ഗണിത ശാസ്ത്ര -സാമൂഹ്യ ശാസ്ത്ര -പ്രവർത്തി, പരിചയമേളകളിലും, സ്പോര്ട്സിലും, സ്കൂൾ കലോത്സവങ്ങളിലും അസൂയാവഹമായ പ്രകടനം കാഴ്ച വയ്ക്കുന്ന ഈ കലാലയം സ്കൂൾ കലോത്സവത്തിൽ തുടർച്ചയായി രണ്ടാമതും ഓവറോൾ ചാമ്പ്യൻഷിപ്പും നേടി വരുന്നു.

ആത്മാർത്ഥതയും അർപ്പണമനോഭാവവും കൈമുതലായുള്ള ഒരു സംഘം അധ്യാപകരാണ് ഈ സ്ഥാപനത്തിന്റെ മുതൽ കൂട്ട്. അതോടൊപ്പം കാര്യപ്രാപ്തിയുള്ള പി.റ്റി.എ യുടെ സഹകരണവും ഒരു ഘടകമാണ്. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ട ഏറ്റവും ആവിശ്യമായ ഒരു ഘട്ടത്തിലൂടെയാണ് ഈ സ്ഥാപനം കടന്നുപോകുന്നത്.

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടേയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ്, മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന പദ്ധതിയാണിത്. ഈ സ്കൂളിലെ പ്രിൻസിപ്പൽ,ഹെഡ്മാസ്റ്റർ, സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി

Scanned with OKEN Scanner

കൺവീനർ, പി.ടി.എ, എം.പി.ടി.എ, എസ്.എം.സി അദ്ധ്യക്ഷൻമാർ എന്നിവരുടെ ശ്രമഫലമായി മൂന്ന് മാസം കൊണ്ടാണ് ഇത് തയ്യാറാക്കിയത്.കേരളസർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായിട്ടുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ ഒരു സാമൂഹിക രേഖയായി പ്രസിദ്ധപ്പെടുത്തിന്നതിനുവേണ്ടിയുള്ള ഈ കരടുരേഖയിൽ തദ്ദേശ ഭരണസ്ഥാപന പ്രതിനിധികൾ, അദ്ധ്യാപക രക്ഷകർതൃസമിതി, പൂർവ്വ വിദ്യാർത്ഥികൾ, എസ്.എം.സി, വിദ്യാഭ്യാസ തൽപരരായ നാട്ടുകാർ എന്നിവർക്കു മുന്നിൽ അവതരിപ്പിക്കുകയും വേണ്ടതായ മാറ്റങ്ങൾ വരുത്തി പൊതുരേഖയായി സൂക്ഷിക്കുന്നതുമാണ്.

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാൻ പ്രാപ്തിയുള്ള അദ്ധ്യാപകരുടെ കൂട്ടായ്മയാണ് ഈ സ്കൂളിന്റെ പ്രത്യേകത. വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ഈ സ്ഥാപനത്തിലെ ഓരോ അദ്ധ്യാപകരും പ്രതിജ്ഞാബദ്ധരാണ്. 2016-17 വർഷം എസ്.എസ്.എൽ.സി ക്ക് 100 ശതമാനം വിജയം കൈവരിക്കാൻ സാധിച്ചത് ഈ സ്കൂളിന്റെ എടുത്തു പറയേണ്ട നേട്ടങ്ങളിൽ ഒന്നാണ്. ഓരോ പാഠഭാഗത്തിൽ നിന്നും കുട്ടിയ്ക്ക് ലഭിക്കേണ്ട ശേഷികളെ കുറിച്ചുള്ള കാഴ്ചപ്പാട്, ആ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ നേടി എടുക്കേണ്ട ലക്ഷ്യങ്ങൾ, ആ ലക്ഷ്യങ്ങൾ നേടേണ്ട പ്രവർത്തന പദ്ധതികൾ എന്നിവ നമ്മുടെ ദൗത്യമാണ്.മെച്ചപ്പെട്ട സൗകര്യങ്ങളുള്ള ക്ലാസ്സ് മുറികളും, ഓഡിറ്റോറിയവും ഓഫീസും, സ്റ്റാഫ് റൂമും, ഡൈനിംഗ്ഹാളും, ലൈബ്രറിയും സയൻസ് കംമ്പ്യൂട്ടർ ലാബുകളും നവീകരിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മനസ്സിലാക്കി, ഈ വിദ്യാലയത്തിന്റെ അഭിവൃദ്ധിയ്ക്കായി ജാതി-മത കക്ഷി രാഷ്ട്രീയ ഭേദമന്യേ ഗവൺമെന്റിന്റേയും ഡിപ്പാർട്ടുമെന്റിന്റേയും ഗ്രാമ പഞ്ചായത്തിന്റേയും ജനപ്രതിനിധികളുടേയും നാട്ടുകാരുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും നിസ്സീമമായ സഹായ സഹകരണങ്ങൾ പ്രതിക്ഷിച്ചു കൊള്ളുന്നു.

# കുട്ടികളുടെ എണ്ണം 2025-2026

| | A | B | C | D | E |
|---|---|---|---|---|---|
| VIII | | | | | |
| ആൺകുട്ടികൾ | 38 | 34 | 29 | 33 | |
| പെൺകുട്ടികൾ | 7 | 10 | 17 | nil | |
| ആകെ | 45 | 44 | 46 | 33 | |
| IX | | | | | |
| ആൺ കുട്ടികൾ | 37 | 36 | 38 | 10 | |
| പെൺ കുട്ടികൾ | 12 | 12 | 12 | 1 | |
| ആകെ | 49 | 48 | 50 | 11 | |
| X | | | | | |
| ആൺകുട്ടികൾ | 37 | 33 | 32 | 37 | 13 |
| പെൺകുട്ടികൾ | 9 | 14 | 15 | 10 | - |
| ആകെ | 46 | 47 | 47 | 47 | 13 |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | 2 മാസം. (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7 വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം സാഹിത്യവേദി പ്രവർത്തനം<br>10 ദിനാചരണം<br>11 സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14 ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3 വായനാക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5 ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6 സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7 വ്യക്തിഗത രചന, സംഘരചന<br>8. ഭാഷ പ്രോജക്ട്.<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>10 സാഹിത്യ – സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ പുസ്തകങ്ങൾ | പി.ടി.എ അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നിന്ന് നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസ്സുകൾ സംഘടിപ്പിക്കുക | Native Speakers ഒത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets-യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## മേഖല അക്കാദമികം / ഹിന്ദി.

| | പ്രവർത്തനങ്ങൾ | കാലം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| * | കുട്ടികളുടെ നിലവാരം കണ്ടെത്തി പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യവാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും, എഴുതുവാനും, സംസാരിക്കുവാനും, ആശയവിനിമയം നടത്തുവാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ, ഭിന്നശേഷി കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| * | കുട്ടികൾക്ക് പഠന ഉണർവ് നൽകുന്ന ഭാഷാ ശേഷി പ്രവർത്തനങ്ങൾ; പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നു. ഭിന്നശേഷി കുട്ടികളെ വിലയിരുത്തി - അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്ത് കൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾ. | ജൂൺ രണ്ടാം വാരം | 8, 9, 10 | ഹിന്ദി അധ്യാപകർ, മറ്റ് ഭാഷാ അധ്യാപകർ. | |
| * | ഓരോ ക്ലാസിലും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം- എന്നിവയുടെ ദൈനംദിന ആവർത്തനം. | പ്രതി-ദിനം | 8, 9 | ഹിന്ദി. അധ്യാപകർ | |
| * | ഭിന്നശേഷി കുട്ടികൾക്കായി പ്രത്യേകം പരിശീലനങ്ങൾ, ഐ.സി.ടി. സൗകര്യത്തിലൂടെ പല വർണ്ണങ്ങളിൽ അക്ഷരങ്ങ | ആഴ്ചയിൽ- | 8, 9, 10 | ഹിന്ദി- അധ്യാപകർ | |

| പ്രവർത്തനങ്ങൾ | സമയം | ക്ലാസ്സ് | ചുമതല | ലക്ഷ്യം. |
|---|---|---|---|---|
| മാറ്റി നിശ്ചയിക്കാവുന്ന പ്രവർത്തനങ്ങൾ. | ഒരു വർഷം | - | — | |
| ഹിന്ദിയിലുള്ള ബാലപ്രസിദ്ധീകരണങ്ങൾ, മാസികകൾ, നോവലുകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ജൂലൈയിൽ ഒരു വർഷം. | 8, 9, 10 | ഹിന്ദി അധ്യാപകർ. | |
| * ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ, ചർച്ചയിൽ പങ്കെടുക്കുക, ഹിന്ദി മത്സരങ്ങൾ നടത്തുക. പോസ്റ്റർ നിർമ്മാണം, മത്സരങ്ങൾ നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് . | 9, 10 | ഹിന്ദി അധ്യാപകർ | |
| * കുട്ടികളെക്കൊണ്ട് പതിപ്പ് തയ്യാറാക്കുക | ജനുവരി | 8, 9 | ഹിന്ദി അധ്യാപകർ | |
| * പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | [illegible] | 8, 9 | ഹിന്ദി അധ്യാപകർ | |
| * ഹിന്ദി അന്താക്ഷരിയുമായി ബന്ധപ്പെട്ടുള്ള മത്സരം, ഹിന്ദി ക്വിസ് | 6 മാസം | 9, 10 | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ മറ്റ് അധ്യാപകർ. | |
| * കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും, ഭാഷാപഠനം എളുപ്പമാക്കാനും ഉള്ള പ്രവർത്തനങ്ങൾ. | " | 8, 9, 10 | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ മറ്റ് അധ്യാപകർ | |

## അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രം

മേഖല : അക്കാദമികം
ഉപമേഖല : ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ / സാമ്പത്തികം |
|---|---|---|---|---|---|
| | എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക. | • പ്രീ-ടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണയം<br>• പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധന സാമഗ്രികൾ തയ്യാറാക്കൽ ആസൂത്രണം.<br>• ആശയധാരണകൾ ഉറപ്പിക്കൽ<br>• പഠനപിന്നോക്കാവസ്ഥയുള്ളവർക്ക് ഒഴിവുദിന വിനിമയം. | ജൂൺ<br>ജൂലൈ | ശാസ്ത്രാധ്യാപകർ. | SRG |
| 2. | ശാസ്ത്രത്തിന്റെ പുതിയ അറിവുകൾ അപ്ഡേറ്റ് ചെയ്ത് ശാസ്ത്രീയ മനോഭാവമുള്ളവരാക്കൽ. | • സയൻസ് ക്ലബ്ബ് രൂപീകരണം<br>• സയൻസ് ബുള്ളറ്റിൻ ബോർഡ്-ന്റെ ഉപയോഗം.<br>• സഹവാസ ക്യാമ്പ് | ജൂൺ<br>ആവശ്യമായ സമയങ്ങളിൽ- | അധ്യാപകർ<br>SRG<br>സയൻസ് ക്ലബ്ബ് | PTA - 5000/- |
| 3. | സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം | • വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ.<br>• ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ<br>• ക്ലാസിൽ കൊണ്ടുപോകാവുന്ന mobile lab kit. | ആഗസ്റ്റ് | ശാസ്ത്രാധ്യാപകർ | SRG. , PTA-30,000/- |

| | | | | | |
|---|---|---|---|---|---|
| 4 | പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | • സ്കൂൾ ക്യാമ്പസിൽ പഴം- പച്ചക്കറികൾ, ഔഷധത്തോട്ടം - നിർമ്മാണം<br>• ജൈവവൈവിധ്യപാർക്ക് - നിർമ്മാണം<br>• ശാസ്ത്രീയനാമം, പ്രാദേശികനാമം, വർഗ്ഗീകരണം രേഖപ്പെടുത്തൽ | ഒരു - വർഷം | ശാസ്ത്രാ-ധ്യാപകർ | കൃഷിഭവൻ കർഷകർ PTA |
| 5. | മാലിന്യമുക്ത - ആരോഗ്യ - ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം. | • സ്കൂളും പരിസരവും ശുചീകരണ പ്രവർത്തനം<br>• ശുചിത്വ ബോധവൽക്കരണം<br>• കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്, വൈദ്യപരിശോധന<br>• ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് (ഫാസ്റ്റ്ഫുഡ്)<br>• വിവിധ ഡിവിഷനുകളിൽ / വാർഡുകളിൽ ആരോഗ്യ സർവ്വേ. | യഥാ, സമയ-ങ്ങളിൽ | ശാസ്ത്രാധ്യാ-പകർ | ആരോഗ്യ-വകുപ്പ് കോർപ്പറേഷൻ |
| 6. | ശാസ്ത്രാഭിരുചി വളർത്താൻ - ശാസ്ത്രോത്സവം | • സ്കൂൾ ശാസ്ത്രമേള<br>• സ്കൂളിൽ ഒരു അനാട്ടമി പാർക്ക് (മനുഷ്യ അവയവ വ്യവസ്ഥ)<br>• ശാസ്ത്രോപകരണ നിർമ്മാണ ശില്പശാല<br>• ലഘുപരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമ്മാണം<br>• ശാസ്ത്ര ക്വിസ്, ശാസ്ത്രമാജിക്<br>• ബയോഗ്യാസ് പ്ലാന്റ് | ആദ്യഘട്ടം<br>ഹ്രസ്വകാലം | ശാസ്ത്രാധ്യാ-പകർ | PTA-10,000 |

| | | | | | |
|---|---|---|---|---|---|
| | വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ (പ്രയാസമേറിയ പാഠഭാഗങ്ങൾ) | • പിന്നോക്കക്കാർക്ക് പ്രത്യേകം വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു.<br>• സ്വയം പ്രവർത്തനം<br>• കൂട്ടുചേർന്നുള്ള പ്രവർത്തനം | ജൂലൈ | ശാസ്ത്രാധ്യാപകർ | വിഷയ സമിതി. |
| 8. | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തൽപരത വളർത്താനും | • ശാസ്ത്ര ദിനാചരണങ്ങൾ<br>• സ്പെസിമെൻ ശേഖരണം<br>• ശാസ്ത്രപതിപ്പുകൾ, ചാർട്ടുകൾ, കൊളാഷ് എന്നിവ തയ്യാറാക്കൽ<br>• ശാസ്ത്രപഠനയാത്രകൾ - (ISRO), (CUSAT) കാർഷിക സർവ്വകലാശാലകൾ, പ്ലാനറ്റേറിയം, അക്വേറിയം, Biodiversity പാർക്കുകൾ | അധ്യയനവർഷത്തിൽ | ശാസ്ത്രാധ്യാപകർ | PTA - 25,000 |
| 9. | ആകാശവിസ്മയങ്ങളുടെ പ്രപഞ്ചസത്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടികളുടെ വികാസം | • വാനനിരീക്ഷണവും ക്ലാസും.. | ഡിസംബർ, ജനുവരി | ശാസ്ത്രാധ്യാപകർ | PTA |
| 10. | ശാസ്ത്ര പ്രതിഭകളെ കണ്ടെത്തൽ | • പ്രതിഭകൾക്ക് പ്രത്യേക പരിശീലനം (പിന്നോക്കക്കാരിലെ പ്രതിഭകളെയും കണ്ടെത്തുന്നു.)<br>• ശാസ്ത്രജ്ഞന്മാരുമായുള്ള അഭിമുഖം<br>• വ്യവസായ ശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കൽ.<br>• NMMS പരീക്ഷകൾക്ക് പരിശീലനം. | രണ്ടാം ടേം | ശാസ്ത്രാധ്യാപകർ | SRG 6000/- |

| | | | | |
|---|---|---|---|---|
| 11. ശാസ്ത്രപഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ICT സാധ്യതകൾ) | • പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, അനിമേഷൻ, പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പഠിപ്പിക്കുന്നതിനും ആശയവിനിമയം നടത്താനും ഉപയോഗിക്കൽ | എല്ലായ്-പ്പോഴും | ശാസ്ത്രാധ്യാപകർ | SITC, Kite (IT @school) |

Sailaja.K
17/6/25

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവത്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

## ACADEMIC MASTER PLAN– SOCIAL SCIENCE

| PROBLEMS | REMEDIAL MEASURES | TIME | FINANCE | AGENCY |
|---|---|---|---|---|
| Develop historical awareness among learners. Shape the future based on historical understanding. | **Forests and Hills:** Field trips are organized to historically significant places.<br>**Field Sparrows:** Special learning trips are organized with tailored modules focusing on students who lack foundational knowledge in social science. | | | ALUMNI ,SCHOOL FUND,MANAGEMENT |
| Adopt democracy as a way of life. Foster civic awareness and a sense of values. | Awareness class, street play | 2 months | | |
| Promote observation and experimentation in Social Science | Encourage students to develop observation and experimental skills related to social science topics. | 2025 | | SOCIAL SCIENCE CLUB |
| Nurture secularism and tolerance | Foster secularism and tolerance through active engagement and help students grow through value-based activities. Help them become familiar with social reformers. | 1 YEAR | | SOCIAL WORKERS |
| Develop map reading skills | Foster map reading skills among children with the goal | 1 YEAR | | SCHOOL FUN |

| | | | | |
|---|---|---|---|---|
| | of learning location identification and interpretation. | | | D |
| General knowledge enhancement | Develop general knowledge that helps students reach higher academic standards. | 1 YEAR | | ALUMNI |
| Awareness of diverse landforms and natural features | Provide understanding about different soil types, water bodies, winds, oceans, and mountains. | | | ALUMNI,SCHOOL FUND |